## 15 -ാം കേരള നിയമസഭ

## 14 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3132** **07-10-2025 - ൽ മറുപടിയ്ക്ക്**

## വൈപ്പിൻ മണ്ഡലത്തിലെ ജലക്ഷാമ പരിഹാരം സംബന്ധിച്ച്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിൻ മണ്ഡലത്തിൽ അനുഭവപ്പെടുന്ന രൂക്ഷമായ ജലക്ഷാമം പരിഹരിക്കുന്നതിനായി ഗോശ്രീ ഐലൻഡ്സ് ഡെവലപ്മെന്റ് അതോറിറ്റി (ജിഡ)യുടെ ധനസഹായത്തോടെ മുരിക്കുംപാടത്ത് നിർമ്മിച്ചിട്ടുള്ള 11.80 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ഉന്നതതല ജലസംഭരണിയിലും ഞാറക്കലിൽ നിർമ്മിച്ചിട്ടുള്ള 17.90 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ഉന്നതതല ജലസംഭരണിയിലും ജലം ശേഖരിച്ച് പൂർണ്ണതോതിൽ ജലവിതരണം ആരംഭിച്ചിട്ടുണ്ടോ; | (എ) | പുതുവൈപ്പ് പമ്പ്ഹൗസിൽ ലഭിക്കുന്ന ജലത്തിന്റെ കുറവ് മൂലം നിലവിൽ പ്രസ്തുത ടാങ്കുകളിലൂടെ പൂർണ തോതിൽ ജലവിതരണം ചെയ്യുവാൻ സാധിക്കുന്നില്ല |
| (ബി) | ഇല്ലെങ്കിൽ പ്രസ്തുത ജലസംഭരണികളുടെ പ്രയോജനം പൂർണ്ണതോതിൽ ഉണഭോക്താക്കൾക്ക് ലഭ്യമാകാത്തതിന്റെ കാരണം വിശദമാക്കാമോ; | (ബി) | ജിഡ ധനസഹായത്തോടെ എളംകുന്നപ്പുഴ, ഞാറക്കൽ, നായരമ്പലം പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ള 26 ദശലക്ഷം ജലത്തിൽ ശരാശരി 10.5 ദശലക്ഷം ലിറ്റർ ജലം മാത്രമാണ് നിലവിൽ വൈപ്പിനിൽ ലഭിക്കുന്നത്. കൂടാതെ ചൊവ്വര ജലശുദ്ധീകരണ ശാലയിൽ നിന്നും ലഭിക്കേണ്ട 30 ദശലക്ഷം ലിറ്റർ വെള്ളത്തിൽ ശരാശരി 25 ദശലക്ഷം ലിറ്റർ മാത്രമാണ് നിലവിൽ ലഭിക്കുന്നത്. ആലുവ, ചൊവ്വര ജലശുദ്ധീകരണ ശാലകളിൽ നിന്നും പറവൂർ പമ്പ്ഹൗസിൽ നിന്നും എന്തെങ്കിലും തരത്തിലുള്ള പമ്പിങ് തടസം മൂലം ജലത്തിന്റെ അളവിൽ ഉണ്ടാകുന്ന കുറവാണ് വൈപ്പിൻ മേഖലയിലുള്ള പഞ്ചായത്തുകളെ ബാധിക്കുന്നത്. |
| (സി) | പ്രസ്തുത ജലസംഭരണികളുടെ പൂർണ്ണ പ്രയോജനം ഉണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (സി) | ആലുവയിൽ പുതിയതായി വിഭാവനം ചെയ്തിട്ടുള്ള 190 MLD ജലശുദ്ധീകരണ ശാല നിർമാണം പൂർത്തീകരിച്ച് അധിക ജലം വൈപ്പിനിൽ ലഭ്യമായാൽ പ്രസ്തുത ടാങ്കുകൾ വഴി അധിക ജലം നൽകുവാൻ സാധിക്കും. |
| (ഡി) | ആലുവയിൽ നിർമ്മിക്കുന്ന 190 എം.എൽ.ഡി. ജലശുദ്ധീകരണശാലയുടെ വിശദമായ പദ്ധതി റിപ്പോർട്ടിൽ വൈപ്പിൻകരയിൽ അനുഭവപ്പെടുന്ന രൂക്ഷമായ കുടിവെള്ളക്ഷാമത്തിന് പരിഹാരം | (ഡി) | പുതിയതായി 190 MLD ജലശുദ്ധീകരണ ശാല നിർമിക്കുന്ന മുറയ്ക്ക് എളംകുന്നപ്പുഴ, ഞാറക്കൽ, നായരമ്പലം, മുളവുകാട് എന്നീ |

| | | | |
|---|---|---|---|
| | കാണുന്നതിനാവശ്യമായ 42 MLD വെള്ളം ലഭ്യമാക്കുന്നതിനും ജിഡ ധനസഹായത്തോടെ നിർമ്മിക്കപ്പെട്ടിട്ടുള്ള ജലസംഭരണികളിൽ ജലമെത്തിക്കുന്നതിനും ആവശ്യമായ നടപടികൾ നിർദേശിക്കപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; | | പഞ്ചായത്തുകൾക്കായി 40 MLD ജലം വടുതല പമ്പ്ഹൗസിൽ എത്തിക്കാൻ സാധിക്കും. |
| (ഇ) | 190 എം.എൽ.ഡി. ജലശുദ്ധീകരണശാലയുടെ വിശദമായ പദ്ധതി റിപ്പോർട്ടിൽ വൈപ്പിൻകരയിലെ കുടിവെള്ള ക്ഷാമത്തിന് പരിഹാരം കാണുന്നതിന് മുൻഗണന നൽകണമെന്ന് ആവശ്യപ്പെട്ട് എം. എൽ. എ. 14.11.2024 ന് ബഹു. ജലവിഭവ വകുപ്പുമന്ത്രിക്ക് നൽകിയ കത്തിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (ഇ) | 190 MLD പദ്ധതിയിൽ, വൈപ്പിൻ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട നായരമ്പലം, ഞാറയ്ക്കൽ, ഇളങ്കുന്നപ്പുഴ എന്നീ പഞ്ചായത്തുകളുടെ 2050 ലുള്ള ഡിമാൻറ് 30.98 MLD ആയി കണക്കാക്കുകയും ആയത് എത്തിക്കുന്നതിന് ടി പദ്ധതിയിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.<br><br>വൈപ്പിനിലേയ്ക്ക് ജല വിതരണം ചെയ്യുന്ന പ്രധാന പമ്പ്ഹൗസായ വടുതല പമ്പ് ഹൗസിൽ ഡിമാന്റ് അനുസരിച്ച് കണക്കാക്കിയിട്ടുള്ള അധികജലം എത്തിക്കുന്നതിനുള്ള നിലവിലെ ശൃംഖലയിലെ അപര്യാപ്തത പരിഹരിക്കുന്നതിനുവേണ്ടി 900 എംഎം വ്യാസമുള്ള HDPE പൈപ്പ് 840 മീറ്റർ പേരണ്ടൂർ കനാലിന് കുറുകെ സ്ഥാപിച്ച് ഇതര റൂട്ടിലൂടെ നിലവിലെ വിതരണ ശൃംഖലയുമായി ബന്ധിപ്പിച്ച് വടുതല പമ്പ് ഹൗസിൽ എത്തിക്കുകയും തുടർന്ന് അവിടെനിന്നു നിലവിലെ പൈപ്പിന് സമാന്തരമായി വടുതല മുതൽ വല്ലാർ പാടം വരെ ദേശീയ ജലപാതാ ഉൾപ്പെടുന്ന ഉദ്യോഗമണ്ഡൽ കനാൽ, വെസ്റ്റ് കോസ്റ്റ് കനാൽ എന്നിവയ്ക്ക് കുറുകെ 800 HDPE 3630 മീറ്റർ സ്ഥാപിച്ച് നിലവിലെ വിതരണ ശൃംഖലയുമായി ബന്ധിപ്പിച്ച് പുതുവൈപ്പ് ഉപരിതല ജല സംഭരണിയിൽ എത്തിക്കുന്ന പ്രവർത്തിയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. നിലവിലുള്ള വിതരണ കുഴലിൽ വാൽവുകൾ സ്ഥാപിച്ച് മുളവുകാട് പഞ്ചായത്തിലേക്ക് മാത്രമായി 5 എം എൽ.ഡി വെള്ളം എത്തുന്ന രീതിയിൽ ക്രമീകരിക്കുന്ന പ്രവൃത്തിയും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ